ഉത്തരം

(എ-സി) അഴിമതിക്കാരായ ഉന്നത ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് "ഓപ്പറേഷൻ അഴിമതി" എന്ന പേരിൽ റെയ്ഡ് നടത്തുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ തീരുമാനമെടുക്കുകയോ അനുമതി ആവശ്യപ്പെടുകയോ റെയ്ഡ് നടത്തുകയോ ചെയ്തിട്ടില്ല.

**വിജിലൻസ് കേസുകൾ**

164(T*5753) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഏതെല്ലാം ആരോപണങ്ങളുമായി ബന്ധപ്പെട്ടാണ് വിജിലൻസ് കേസുകളുള്ളത് ; ആയതിന്റെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് 19 വിജിലൻസ് കേസുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വിജിലൻസ് കേസുകൾ**

165(5754) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11-7-2011 മുതൽ 30-6-2015 വരെ എത്ര അഴിമതി കേസുകൾ വിജിലൻസ് അന്വേഷിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിജിലൻസ് അന്വേഷിച്ച എത്ര കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര കേസുകൾ സർക്കാരിലേക്ക് അനുമതിക്കായി അയച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ലോംഗ് പെന്റിംഗായ എത്ര കേസുകൾ വിജിലൻസ് വകുപ്പിൽ നിലവിലുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

---

* T മാറ്റിവച്ചചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 11-7-2011 മുതൽ 30-6-2015 വരെ 672 കേസുകളിൽ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 99 |
| കൊല്ലം | 32 |
| പത്തനംതിട്ട | 13 |
| തൃശ്ശൂർ | 80 |
| മദ്ധ്യമേഖല, എറണാകുളം | 28 |
| എറണാകുളം | 51 |
| പാലക്കാട് | 56 |
| വയനാട് | 18 |
| മലപ്പുറം | 35 |
| കോഴിക്കോട് | 68 |
| ആലപ്പുഴ | 34 |
| ഇടുക്കി | 36 |
| കോട്ടയം | 32 |
| കണ്ണൂർ | 59 |
| കാസർഗോഡ് | 31 |
| ആകെ | 672 |

(സി) വിജിലൻസ് അന്വേഷണങ്ങൾക്കുശേഷം കേസുകൾ രജിസ്റ്റർ ചെയ്യാൻ സർക്കാരിന്റെ അനുമതി ആവശ്യമില്ല. കേസുകൾ രജിസ്റ്റർ ചെയ്തതിനുശേഷം സർക്കാരിനെ അറിയിക്കുകയാണ് പതിവ്.

(ഡി) തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ കോടതികളിലായി 59 ലോംഗ് പെന്റിംഗ് കേസുകൾ നിലവിലുണ്ട്. (തിരുവനന്തപുരം-2, കോട്ടയം-46, തൃശ്ശൂർ-11)

LIBRARY ARCHIVES Kerala Legislative Assembly